# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചേർപ്പ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി.2)1542/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 22/10/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേർപ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചേർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി.2)1542/2023 തീയ്യതി: 22/10/2023

## തൃശ്ശൂർ ജില്ലയിലെ ചേർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചേർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-11-2022 മുതൽ 15-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സാബു.പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 16-08-2023 | 22-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-08-2023 | 22-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഓമന.കെ.പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ. നിർമ്മൽ.കെ.ജി, ഓഡിറ്റ് ഓഫീസർ

ശ്രീമതി ചൈതന്യ പുരുഷോത്തമൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി വിദ്യ ഒ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി നിലൂഫർ ബി. ഐ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുജിഷ കള്ളിയത്ത് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ഒ എം ഫ്രാൻസിസ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഇ ആർ നിമ്മി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ.പ്രതീഷ് വി വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി.മാലിനി സി ഡി | കൃഷി ഓഫീസർ | 01-04-2022 | 30-09-2022 |
| ശ്രീമതി.ഷിസ ഉല്ലാസ്.പി | കൃഷി ഓഫീസർ(ഇൻ ചാർജ്ജ്) | 01-10-2022 | 31-03-2023 |
| ഡോ.അനില | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ.ഗംഗാദേവി സി | മെഡിക്കൽഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ.നീന കെ.ജെ | വെറ്ററിനറി സർജൻ | 01-04-2022 | 17-08-2022 |
| ഡോ.പ്രദീപ് | വെറ്ററിനറി സർജൻ | 18-08-2022 | 31-03-2023 |
| ശ്രീമതി.ഇ കെ ബീന | പ്രധാന അദ്ധ്യാപിക | 01-04-2022 | 31-12-2022 |
| ഒഴിവ് | പ്രധാന അദ്ധ്യാപിക | 01-01-2023 | 20-02-2023 |
| ശ്രീമതി.നിർമ്മല.പി.പി | പ്രധാന അദ്ധ്യാപിക(ഇൻ ചാർജ്ജ്) | 21-02-2023 | 31-03-2023 |
| ശ്രീമതി.ഷിദ്രി.സി.കെ | വി.ഇ.ഒ., ചേർപ്പ് | 01-04-2022 | 31-03-2023 |
| ശ്രീമതി.മീര വാര്യർ .എച്ച് | വി.ഇ.ഒ., എട്ടുമന | 01-04-2022 | 31-03-2023 |
| ശ്രീമതി.സുമിത ബേബി | വി.ഇ.ഒ., ഊരകം | 01-04-2022 | 20-05-2022 |
| ശ്രീമതി.മീര വാര്യർ .എച്ച് | വി.ഇ.ഒ., ഊരകം(ഇൻ ചാർജ്ജ്) | 21-05-2022 | 12-06-2022 |
| ശ്രീമതി.സിമി.എസ് | വി.ഇ.ഒ., ഊരകം | 13-06-2022 | 31-03-2023 |
| ശ്രീമതി.ഷെമീന.പി.എ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.മീനു റസ്സൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി.ജോയ് മോൾ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | Cheques Deposited But Not Credited” തുടർനടപടി സ്വീകരിക്കേണ്ടതാണ് | 1-1-3 |
| 5 | വസ്തു നികുതി-റെസിഡെൻഷ്യൽ (തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | വസ്തു നികുതി - നോൺ റെസിഡെൻഷ്യൽ (തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | വസ്തു നികുതി-റെസിഡെൻഷ്യൽ (കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | വസ്തു നികുതി - നോൺ റെസിഡെൻഷ്യൽ (കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ലൈബ്രറി സെസ്സ് - വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | വസ്തു നികുതി മുൻകൂർ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല | 1-1-10 |
| 12 | വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | Prior Period - വൗച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-1-12 |
| 14 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൗച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-1-13 |
| 15 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-14 |
| 16 | ഡിപ്രിസിയേഷൻ - അതാത് ആസ്തികളുടെ ശീർഷകങ്ങളുടെയോ ആസ്തികളുടെ ഗണത്തിനനുസരിച്ചോ (Block Of Assets) പുനക്രമീകരിച്ചിട്ടില്ല | 1-1-15 |
| 17 | ബാലൻസ്ഷീറ്റ് ബി-17 പ്രകാരമുള്ള ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യത ശീർഷകം B-4 ൽ കാണുന്നില്ല | 1-1-16 |
| 18 | Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി | 1-1-17 |

| | | |
|---|---|---|
| 19 | ബജറ്റ് | 1-2 |
| 20 | ഫണ്ട് വിനിയോഗം | 1-3 |
| 21 | പദ്ധതി അവലോകനം | 1-4 |
| 22 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 23 | ക്ഷേമപദ്ധതികൾ | 1-6 |
| 24 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 25 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 26 | നികുതി-നികുതിയേതര വരുമാനങ്ങൾ-അവലോകനം | 1-9 |
| 27 | സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല | 1-10 |
| 28 | സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ പുതുക്കേണ്ടതാണ് | 1-11 |
| 29 | സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-12 |
| 30 | റേഷൻകടകൾ,കള്ള് ഷാപ്പ്, കശ്ശാപ്പുശാല, മാവേലി സ്റ്റോർ എന്നിവക്ക് ലൈസൻസ് എടുക്കേണ്ടതാണ് | 1-13 |
| 31 | പഞ്ചായത്ത് വാടകക്ക് നൽകിയ കെടിടങ്ങളിൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു | 1-14 |
| 32 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കേണ്ടതാണ് | 1-15 |
| 33 | കെട്ടിടങ്ങളുടെ ക്രമവത്കരണം-നിരാക്ഷേപ സാക്ഷ്യപത്രം/സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ ഒക്യുപൻസി നല്കി | 1-16 |
| 34 | ക്രമവത്കരണ ഫീസ് അടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-17 |
| 35 | അനധികൃത സ്കൂൾ കെട്ടിട നിർമാണം - തുടർ നടപടി സ്വീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ് | 1-18 |
| 36 | കെട്ടിടങ്ങളുടെ ക്രമവത്കരണം-തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ് | 1-19 |
| 37 | മൊബൈൽ ടവർ - മുഴുവൻ തറവിസ്തീർണം കണക്കിലെടുക്കാതെ വസ്തു നികുതി നിർണയിച്ചു | 1-20 |
| 38 | ക്രമവത്കരണ രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-21 |
| 39 | കെട്ടിട നിർമ്മാണ അപേക്ഷാ രജിസ്റ്റർ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ കൂടി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് | 1-22 |
| 40 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി നടപ്പിലാക്കിയ പദ്ധതികൾ | 1-23 |
| 41 | വാടകയ്ക്ക് പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടനിർമ്മാണം നടത്തുന്നതിനുവേണ്ട നടപടികൾ ഊർജ്ജിതമാക്കേണ്ടതാണ് | 1-24 |

| | | |
|---|---|---|
| 42 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി നടപ്പാക്കിയ പദ്ധതി - മതിയായ ഗുണഭോക്താക്കളെ ഉറപ്പു വരുത്തേണ്ടതാണ് | 1-25 |
| 43 | പ്രവൃത്തി പൂർത്തീകരണം വൈകിയതിന് നിയമപ്രകാരമുള്ള പിഴ ഈടാക്കിയില്ല | 1-26 |
| 44 | ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് മുഴുവൻ ലഭ്യമാക്കിയിട്ടില്ല | 1-27 |
| 45 | ഭവന നിർമ്മാണം:പൂർത്തീകരിച്ചിട്ടില്ല | 1-28 |
| 46 | ഭവന നിർമ്മാണം:പൂർത്തീകരിച്ചിട്ടില്ല | 1-29 |
| 47 | ഭവന നിർമ്മാണം:പൂർത്തീകരിച്ചിട്ടില്ല | 1-30 |
| 48 | തൊഴിലുറപ്പുപദ്ധതി-സിമന്റ്, ക്വാറി മക്ക് എന്നിവക്ക് ഉയർന്ന നിരക്ക് | 1-31 |
| 49 | മസ്റ്റർറോളിൽ ഒപ്പ്/വിരലടയാളം രേഖപ്പെടുത്താതെ വിദഗ്ധതൊഴിലാളികളുടെ വേതനം കൈപ്പറ്റി | 1-32 |
| 50 | ഉപയോഗശൂന്യമായ വാഹനങ്ങൾ ലേലം ചെയ്തില്ല | 1-33 |
| 51 | പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല | 1-34 |
| 52 | പരസ്യചാർജ്ജ് നൽകിയത്-ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല | 1-35 |
| 53 | പാർട്ട് ടൈം ലൈബ്രേറിയൻ തസ്തികയിലും ഡ്രൈവർ തസ്തികയിലും ഒരാൾ തന്നെ സേവനമനുഷ്ഠിക്കുന്നു | 1-36 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | മസ്റ്റർറോളിൽ ഒപ്പ്/വിരലടയാളം രേഖപ്പെടുത്താതെ വിദഗ്ധതൊഴിലാളികളുടെ വേതനം കൈപ്പറ്റി | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ചേർപ്പ് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 12.07.2023 ലെ 4/1ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 13.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചേർപ്പ് ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2 .C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചേർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: തൃശ്ശൂർ

തീയതി: 22.10.2023

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

### 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

### 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3731180 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-5213860) രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

### 1-1-3 Cheques Deposited But Not Credited" തുടർനടപടി സ്വീകരിക്കേണ്ടതാണ്

ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം (E-Payment Account, Account No-36725814681) 52578 രൂപ "Cheques Deposited But Not Credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിരിക്കുന്നത് കെട്ടിട ഉടമകൾ പഞ്ചായത്തുകളിലേക്ക് ഓൺലൈനായി വസ്തു നികുതി അടവാക്കുമ്പോൾ ആദ്യം ഐ.കെ.എം.ന്റെ സെർവർ അക്കൗണ്ടിലേക്ക് വിവരങ്ങൾ കൈമാറി സഞ്ചയ സോഫ്റ്റ്‌വെയറിൽ അടവാക്കിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തലുകൾ വന്നതിനു ശേഷമാണ് അതത് പഞ്ചായത്തുകളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് വരവ് വക്കുന്നത്. ആയതിനാലാണ് പഞ്ചായത്തുകളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ആകുന്നതിന് കാലതാമസം നേരിടുന്നത് എന്നാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 3/18.8.2023).

### 1-1-4 വസ്തു നികുതി-റെസിഡെൻഷ്യൽ (തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ (തൻവർഷം)

| സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| | 3836428 | 3792330 | 20772 | 27214 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3836428 | 3788442 | 20772 | 27214 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410101- Advance Collection- PT On Res. Bldg-ന്റെ | *(28587 /105X100=27225 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ |

| | | | | |
|---|---|---|---|---|
| | | | ലെഡ്ജർ) | തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2.സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 3888 രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡി.സി.ബി തയ്യാറാക്കുന്ന സോഫ്റ്റ്‌വെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

3."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-1-5 വസ്തു നികുതി - നോൺ റെസിഡെൻഷ്യൽ (തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 6497202 | 6285201 | 43576 | 222853 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 6497202 | 6230773 | 43576 | 222878 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(234022 /105X100)=222878 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2.സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 54428 രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡി.സി.ബി തയ്യാറാക്കുന്ന സോഫ്റ്റ്‌വെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

3."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള

വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-1-6 വസ്തു നികുതി-റെസിഡെൻഷ്യൽ (കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 49983 | 24217 | 25783 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 49989 | 24201 | 25822 |
| | *(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (27152 + 25337 =52489/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ( 27113X 100/105)= ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. |

1.ഡിമാന്റ്, കളക്ഷൻ എന്നി തുകകൾ പൊരുത്തപ്പെടുന്നില്ല.

2.സഞ്ചയ സോഫ്റ്റ്‌വെയറിൽ വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ കളക്ഷനെക്കാൾ 16 രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡി.സി.ബി തയ്യാറാക്കുന്ന സോഫ്റ്റവെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

3."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-1-7 വസ്തു നികുതി - നോൺ റെസിഡെൻഷ്യൽ (കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1245977 | 562897 | 683108 |

| | | | |
|---|---|---|---|
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1246089 | 562874 | 683163 |
| | (2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(425805 + 882589 = 1308394/105*100) =1246089 | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | **(717321/105X100)=683163, ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.ഡിമാന്റ്, കളക്ഷൻ എന്നി തുകകൾ പൊരുത്തപ്പെടുന്നില്ല.

2.സഞ്ചയ സോഫ്റ്റ്‌വെയറിൽ വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ കളക്ഷനെക്കാൾ 23 രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റവെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

3."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

### 1-1-8 ലൈബ്രറി സെസ്സ് - വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 538052 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 537964 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt. Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 538052 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 537964 രൂപയുമാണ്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 538604 രൂപയാണ്.

### 1-1-9 വസ്തു നികുതി മുൻകൂർ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2023ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 280679 | 300795 |
| 2 | 350410104- | 251910 | 270549 |

| | | | | |
|---|---|---|---|---|
| | Advance Collection Of Revenues -Property Tax On Non-Residential Building | | | |

2022-23 സാമ്പത്തിക വർഷത്തെ സഞ്ചയ റെസിഡൻഷ്യൽ നോൺ റെസിഡൻഷ്യൽ വസ്തു നികുതി എല്ലാ വാർഡുകളിലേയും ഡി.സി.ബി പ്രകാരം ആകെ കളക്ഷൻ 2022-23 ലെ ILGMS വരവ്-ചെലവ് പത്രിക പ്രകാരം പൊരുത്തപ്പെട്ടിട്ടുള്ളതാണ്.

## 1-1-10 വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല

1/4/2022ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തണ്ടിയിരുന്നതും 2022-23 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23വർഷത്തിൽ ചേർപ്പ് ഗ്രാമപഞ്ചായത്തിൽ 476 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2022-23 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100102-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണയായി 31/3/23 ൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-11 വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

3. ലേലം രജിസ്റ്റർ

4. വാടക ഡിമാന്റ് രജിസ്റ്റർ

5. ഫാക്ടറി-വ്യാപാര ലൈസൻസ് രജിസ്റ്റർ

## 1-1-12 Prior Period - വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18, ഐ-19) പ്രകാരം "290000000-Prior Period Income", "190000000-Prior Period Expenditure "എന്ന ഷെഡ്യൂളുകളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2023 ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101-Prior Period Income -Property Tax | 37 |
| 290800701-Prior Period Expenses-Miscalleneous Expenses | -294498 |

## 1-1-13 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-1-14 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-1-15 ഡിപ്രിസിയേഷൻ - അതാത് ആസ്തികളുടെ ശീർഷകങ്ങളുടെയോ ആസ്തികളുടെ ഗണത്തിനനുസരിച്ചോ (Block Of Assets) പുനക്രമീകരിച്ചിട്ടില്ല

"സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രിസിയേഷൻ, അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

## 1-1-16 ബാലൻസ്ഷീറ്റ് ബി-17 പ്രകാരമുള്ള ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യത ശീർഷകം B-4 ൽ കാണുന്നില്ല

താഴെ ചേർത്തിരിക്കുന്ന പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450240160 | Kerala Gramin Bank -Life Bhavana Nidhi | 7224 |
| 2 | 450210101 | Kerala Gramin Bank-SSA | 285012 |
| 3 | 450210101 | Canara Bank -MN Leksha M Veed | 983754 |
| 5 | 450210101 | SBI (OAP) | 21031 |

## 1-1-17 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കിയതിന്റെ വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 205200082 |
| ആകെ ചെലവ് (B) | | 199191589 |
| മിച്ചം തുക C= A-B | | 6008493 |
| Prior Period Income (I-19) | 7592 | |
| Prior Period Expenditure (I-18) | -294498 | |
| (I-19)-(I-18) Net Difference Between Prior Period Income And Expenses (D) | | 302090 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മി ച്ച തുക (E) =C+D | | 6310583 |

എന്നാൽ ഫോർമുല പ്രകാരം (E) = C-D എന്ന് ചേർത്തിട്ടുള്ളതിനാൽ 6008493 ൽ നിന്നും -286906 (7592-294498) കുറച്ചപ്പോൾ ലഭിച്ച 5721587 രൂപയാണ് Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്.

സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട അപാകതകൾ IKM ന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കേണ്ടതാണ്.

## 1-2 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 25-03-2022 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 279971075/- | 275193135/- |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 21-02-2023 (1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 342881744/- | 373734329/- |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക**/ നീക്കിയിരിപ്പ്* |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 22320000 | 22320000 | 20164756 | 2155244** |
| വികസന ഫണ്ട്-എസ്.സി.പി | 0 | 14478000 | 14478000 | 11369904 | 3108096** |
| മെയിന്റനൻസ്, റോഡ് | 0 | 6122000 | 6122000 | 4535702 | 1586298** |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 6896000 | 6896000 | 5634422 | 1261578** |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) – ബാങ്ക് | 5321726 | 5822000 | 11143726 | 6956593 | 4187133* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) – ട്രഷറി സ്പിൽ ഓവർ | 0 | 1797846 | 1797846 | 1498391 | 299455** |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ് ബേസിക് ഗ്രാന്റ്) – ബാങ്ക് | 70097 | 3881000 + 243369 (പലിശ) | 4194466 | 3742537 | 451929* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ് ബേസിക് ഗ്രാന്റ്) – ട്രഷറി സ്പിൽ ഓവർ | 0 | 463451 | 463451 | 350000 | 113451** |
| ഹെൽത്ത് ഗ്രാന്റ് | 0 | 147706 | 147706 | 145897 | 1809* |
| ഹെൽത്ത് ഗ്രാന്റ്(Diagnostics) | 0 | 293523 | 293523 | 268176 | 25347* |
| അങ്കണവാടി പോഷകാഹാരം | 714362 | 1542988 | 2257350 | 1051538 | 1205812* |
| വിമുക്തി ഗ്രാന്റ് | 53400 | 0 | 53400 | 2330 | 51070* |
| ടോട്ടൽ സാനിറ്റേഷൻ | 51313 | 0 | 51313 | 0 | 51313* |
| ശുചിത്വമിഷൻ ഗ്രാന്റ് | 3269766 | 0 | 3269766 | 713000 | 2556766* |
| (ആയുഷ് വകുപ്പിൽ നിന്നും) കൈമാറികിട്ടിയ | 0 | 450000 | 450000 | 0 | 450000* |

| | | | | | |
|---|---|---|---|---|---|
| തുക (ആയുർവ്വേദം) | | | | | |
| (അദർ സ്കീംസ്) മറ്റ് പദ്ധതിക്കായുള്ള ഫണ്ട് | 0 | 130 | 130 | 0 | 130* |
| ഹരിതകർമ്മസേന കൺസോർഷ്യം മറ്റ് ബാദ്ധ്യതകൾ | 102600 | 0 | 102600 | 0 | 102600* |

കുറിപ്പുകൾ

1. വികസന ഫണ്ട്-ജനറൽ, എസ്.സി.പി എന്നിവയുടെ വരവ് തുകയിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ Source Deduction ന് മുമ്പുള്ള തുകയല്ല ചേർത്തിരിക്കുന്നത്.
2. സി.എഫ്.സി ടൈഡ്, സി.എഫ്.സി അൺടൈഡ് എന്നിവയുടെ മുന്നിരിപ്പ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടില്ല. വരവിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല.
3. PYKA ഇനത്തിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.
4. ദീർഘകാലമായി ചെലവഴിക്കാതെ കിടക്കുന്ന ഫണ്ടുകൾ ആവശ്യമില്ലാത്ത പക്ഷം ഉറവിടത്തിലേക്ക് തിരികെ അടക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്കുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 199 | 205095199 | 187 | 72187404 | 35.19 | 93 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 115 | 1082891 | 1083006 | 1077767 | 5239 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 24359797 | 24359797 | 24359797 | 0 |
| മെറ്റീരിയൽ കോസ്റ്റ് | 0 | 6611416 | 6611416 | 6611416 | 0 |
| ആകെ | 115 | 32054104 | 32054219 | 32048980 | 5239 |

*1137654/- രൂപയുടെ ആസ്തികൾ സൃഷ്ടിച്ചിട്ടുണ്ട്

## 1-6 ക്ഷേമപദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|
| തൊഴിൽ രഹിത വേതനം | 1 | 1440 |
| കർഷകതൊഴിലാളി പെൻഷൻ | 326 | 7441400 |
| വിധവാപെൻഷൻ | 1831 | 19550200 |
| വാർദ്ധക്യകാല പെൻഷൻ | 3287 | 34563800 |
| വികലാംഗപെൻഷൻ | 379 | 3959000 |

| | | |
|---|---|---|
| അവിവാഹിത പെൻഷൻ | 248 | 2696800 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 3 | 90000 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-08-2023 തീയതിയിൽ 2:30 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28782/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

വാർഷിക കണക്കുകൾ കുറ്റമറ്റ രീതിയിൽ തയ്യാറാക്കുന്നതിൽ ശ്രദ്ധ പുലർത്തേണ്ടതാണ്. പരാമർശിച്ചിട്ടുള്ള രജിസ്റ്ററുകളും ലോഗ് ബുക്കും പരിപാലിക്കേണ്ടതാണ്. ലൈഫ് ഭവനപദ്ധതി പൂർത്തീകരിക്കുന്നതിൽ ക്രിയാത്മകമായ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. പഞ്ചായത്തിന്റെ തനതുവരുമാനം യഥാസമയം ലഭ്യമാകുന്നതിന് സന്ദർഭോചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കെട്ടിടനിർമാണചട്ടങ്ങൾ പാലിക്കുന്നതിന് വേണ്ടുന്ന രേഖകൾ യഥാസമയം ബന്ധപ്പെട്ട കക്ഷികളിൽനിന്നും ലഭ്യമാക്കി സൂക്ഷിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ അനുവാദമില്ലാതെ മണ്ണ് നീക്കം ചെയ്യപ്പെട്ടത് ആഭ്യന്തരനിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തേണ്ടതിന്റെ പ്രാധാന്യമാണ് സൂചിപ്പിക്കുന്നത്.

## 1-9 നികുതി-നികുതിയേതര വരുമാനങ്ങൾ-അവലോകനം

### ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നൽകുകയോ ആയത് ഭരണ സമിതിയുടെ ശ്രദ്ധയിൽ പെടുത്തുകയോ ചെയ്തിട്ടില്ല. ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനതു വരുമാനങ്ങൾ നിശ്ചിത സമയത്തിനകം സമാഹരിച്ചിട്ടുണ്ടെന്നും മുൻവർഷങ്ങളിലെയോ തന്നാണ്ടിലെയോ വരവിനങ്ങൾ സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ലെന്ന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തിയിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വസ്തു നികുതി പിരിവിന്റെ ഡിമാന്റ് പിരിവ് അവലോകന യോഗം രണ്ട് അർദ്ധ വർഷത്തിലും നടത്തുകയും ക്യാമ്പ് കളക്ഷൻ നടത്തുകയും ചെയ്തിട്ടുണ്ട്.

നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഭരണസമിതി യോഗത്തിൽ സമർപ്പിക്കുകയും ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്കും നൽകുകയും ചെയ്യുന്നില്ല.
തനത് വരുമാനത്തിലെ കുടിശ്ശിക നിവാരണത്തിനായി എല്ലാ വാർഡുകളിലും ക്യാമ്പ് കളക്ഷൻ നടത്തുന്നുണ്ട്. പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തുന്നില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 04.06.2022 ലെ 04/22-23 നം. തീരുമാന പ്രകാരം പഞ്ചായത്തിലെ വ്യാപാര വ്യവസായങ്ങൾക്ക് ലൈസൻസ് എടുപ്പിക്കുന്നതിന് വ്യാപാരി വ്യവസായികളുടെ സംഘടനകളുമായി ബന്ധപ്പെട്ട് അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ മാലിന്യം നിക്ഷേപിക്കുന്നവരെയും വൃത്തിഹീനമായ അന്തരീക്ഷത്തിൽ പ്രവർത്തിക്കുന്നവരെയും കണ്ടെത്തി പിഴ ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ അതനുസരിച്ച് തുടർ നടപടി സ്വീകരിച്ചിട്ടില്ല.

### വസ്തുനികുതി

01.04.2023 തീയതിയിലെ വസ്തു നികുതി പരിഷ്കരണങ്ങൾ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയോടെ 22.6.2023 തീയതിയിലെ 3-ാം നമ്പർ ഭരണ സമിതി തീരുമാന പ്രകാരം സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി മറ്റു പ്രത്യേകതകൾ എന്നിവ പരിഗണിച്ച് ഓരോ വിഭാഗത്തിന്റെയും അടിസ്ഥാന നിരക്കുകൾ കരട് വിജ്ഞാപനം ചെയ്തിട്ടുണ്ട്. അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. 2022-23 വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി നിലവിലുള്ള വസ്തു

നികുതിയുടെ 5% വർദ്ധനവ് സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തിയിട്ടുണ്ട്. 5% വർദ്ധനവിൽ നികുതി നിലവിൽ ഈടാക്കുന്നുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിൽ പുതിയ നിരക്ക് അപ്ഡേറ്റ് ചെയ്തിട്ടില്ല. ആയതിനാൽ പുതുക്കിയ നിരക്കിൽ നിലവിൽ (01.04.2023 മുതൽ) നികുതി ഈടാക്കുന്നില്ല. വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. 2013 വസ്തു നികുതി പരിഷ്കരണത്തിനു ശേഷം സഞ്ചയ സോഫ്റ്റ്‌വെയറിൽ പുതിയ റോഡിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. സർക്കാർ നിർദ്ദേശ പ്രകാരം റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിലെ ആസ്തി പ്രകാരമുള്ള മുഴുവൻ റോഡുകളുടെയും വിവരങ്ങൾ 'R TRACK' സോഫ്റ്റ്‌വെയറിൽ അപ്‌ലോഡ് ചെയ്തതായും അറിയിച്ചിട്ടുണ്ട്. ആയത് പരിശോധന നടത്തി അയച്ച് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

തുറസ്സായ സ്ഥലവും പാർക്കിംഗ് സ്ഥലവും കയ്യേറി നടത്തുന്ന അനധികൃത കെട്ടിട നിർമ്മാണങ്ങൾ ഫീൽഡ് സന്ദർശനം നടത്തി കണ്ടെത്തിയിട്ടില്ല. ഇത്തരം കെട്ടിടങ്ങൾ കണ്ടെത്തി അനധികൃത കെട്ടിടങ്ങൾക്കെതിരെയുള്ള തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

നിലവിലുള്ള കെട്ടിടങ്ങൾ പരിശോധിച്ചതിൽ ഒരേ ഉപയോഗത്തിനുള്ള കെട്ടിടങ്ങൾക്ക് വ്യത്യസ്ത കെട്ടിട നമ്പരുകൾ നല്കിയതായും കുറവ് നിരക്കിലുള്ള ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണയിച്ചതായും കാണുന്നു. പുതിയ വിജ്ഞാപന പ്രകാരം നികുതി നിരക്കുകൾ പരിഷ്കരിക്കുമ്പോൾ ടി കെട്ടിടങ്ങൾക്ക് തെറ്റായ നിരക്കിൽ നികുതി നിർണയിക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. മാത്രമല്ല ഇത്തരത്തിൽ നികുതി നിർണയം നടത്തുമ്പോൾ വൻ തോതിലുള്ള വരുമാന നഷ്ടത്തിനും ഇടയുണ്ട്. ആയതിനാൽ സ്ഥല പരിശോധന നടത്തിയതിനു ശേഷം ബാധകമായ നിരക്കിൽ കെട്ടിടങ്ങളുടെ നികുതി നിർണ്ണയിക്കേണ്ടതാണ്.

സ.ഉ. 36/2015 ത.സ്വ.ഭ.വ. തീയതി 24.02.22015, സ.ഉ. 53/2020 ത.സ്വ.ഭ.വ. തീയതി 08.09.2020 എന്നിവ പ്രകാരമുള്ള വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന ആഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ്, ആയുർവ്വേദ സുഖചികിത്സാ കേന്ദ്രങ്ങൾ, റെസിഡൻഷ്യൽ ഹോംസ്റ്റേ എന്നിവകൾക്കുള്ള വസ്തു നിരക്ക് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല.

### സേവന ഉപനികുതി

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം, ശുചിത്വ പരിപാലനം, തെരുവുവിളക്കുകൾ, ഡ്രൈനേജ് തുടങ്ങിയവ) ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുന്നില്ല. ആയതിനുള്ള സാധ്യത ഭരണ സമിതി പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ 1 എണ്ണം (BSNL) ഉണ്ട്. പ്രസ്തുത സ്ഥാപനത്തിൽ നിന്നും സർവ്വീസ് ചാർജ് ഈടാക്കുന്നില്ല.

### തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ (അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റ ബേസ് സൂക്ഷിക്കുന്നില്ല. ആയതിന്റെ വിവരങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നുണ്ട്. തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം ചെയ്യുന്നുണ്ട്.

### വിനോദനികുതി

അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, കേബിൾ ടിവി നെറ്റ്‌വർക്ക്, എന്നിവയ്ക്ക് നിലവിൽ പഞ്ചായത്തിൽ പ്രവർത്താനുമതി നല്കിയിട്ടില്ല. മഹാത്മാ മൈതാനത്തിൽ വാഹന പ്രദർശനങ്ങൾ നടത്തുന്നതിന് 1 ദിവസത്തേക്ക് 500/- രൂപ വാടക ഈടാക്കുന്നുണ്ടെങ്കിലും ആയതിൽ നിന്നുള്ള വരുമാനം കുറവാണ്.

മേൽ സൂചിത ഇനങ്ങളിൽ നിന്നും വിനോദസഞ്ചാരസാധ്യതകൾ ഉള്ള സ്ഥലങ്ങളിൽ നിന്നും വിനോദനികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ ഭരണസമിതി പരിശോധിച്ച് ഇതിനായി സർക്കാരിലേക്ക് ശുപാർശ ചെയ്യിട്ടില്ല.

വാടക

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കമ്മ്യൂണിറ്റി ഹാൾ നിലവിൽ നവീകരണം നടക്കുന്നതിനാൽ വാടകയ്ക്ക് നല്കുന്നില്ല. നിലവിൽ ഭോജന ശാല മാത്രമാണ് വാടകയ്ക്ക് നല്കുന്നത്. കമ്മ്യൂണിറ്റി ഹാൾ നവീകരണം നടത്തി, ഉചിതമായ വാടക ഭരണസമിതി നിശ്ചയിച്ച്, വാടകയിനത്തിൽ നല്ല രീതിയിലുള്ള വരുമാനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല

I) 2022-23 സാമ്പത്തിക വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററും സ്ഥാപന തൊഴിൽ നികുതി രജിസ്റ്ററും പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ, സ്ഥാപന തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

1. മുത്തൂറ്റ് മൈക്രോഫിൻ ലിമിറ്റഡ്, പൂച്ചിന്നിപ്പാടം

2. തൃശ്ശൂർ താലൂക്ക് ഫർണീച്ചർ ഇൻഡസ്ട്രിയൽ സൊസൈറ്റി

3. ചേർപ്പ് ഹാന്റലൂം വീവേഴ്സ് പ്രൊഡക്ഷൻ കം സെയിൽസ് കോപ്പറേറ്റീവ് സൊസൈറ്റി

4. ഇൻവെസ്റ്റ് ഗോൾഡ് & ജനറൽ ഫിനാൻസ് (പ്രൈ. ലി.)

5. ചേർപ്പ് റേഞ്ച് കള്ള് കമ്പനി

II) പെട്രോൾ പമ്പുകൾ, സർവ്വീസ് സ്റ്റേഷനുകൾ, വിദേശമദ്യ ഷാപ്പുകൾ, മാവേലി സ്റ്റോറുകൾ എന്നിവയുടെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

III) അഭിഭാഷകർ, കരാറുകാർ എന്നിവരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

ടി സ്ഥാപനങ്ങളുടെ തൊഴിൽ നികുതി അടവാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/22.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 4(എ) പ്രകാരം സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കേണ്ടതാണ്.

## 1-11 സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്

2021-22 സാമ്പത്തിക വർഷത്തെ സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചതായി കാണുന്നു.

| പാരാമെഡിക്കൽ സ്ഥാപനങ്ങൾ | മേൽവിലാസം |
|---|---|
| വൈശ്രവണ ഹെൽത്ത് കെയർ | ഷീല കൃഷ്ണദാസ്, വൈശ്രവണ ഹെൽത്ത് കെയർ, പെരുമ്പിള്ളിശ്ശേരി |

| | |
|---|---|
| ആയുർ ദീപ്സ്,ആയുർവേദ ഹോസ്പിറ്റൽ | ഡോ. ദീപക് കെ. ജി, കാരണയിൽ വീട്, കരുവന്നൂർ |
| അഭയ ആയുർവേദ ക്ലിനിക് & ഫാർമസി | സിസ്ധു ടി. വി, ചിയ്യാരം |
| ട്രസ്റ്റ് ലാബറട്ടറി | ആഗസ്സ് ഡേവിഡ്, പള്ളിപ്പുറം വീട്, ചേർപ്പ് |
| അലൻസ് മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക് | ------ |
| കെയർ ഡെന്റൽ ക്ലിനിക്ക് | ------- |

2022-23 സാമ്പത്തിക വർഷത്തിൽ ടി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ/പ്രവർത്തന രഹിതമാണോ എന്നുള്ളതിന് അന്വേഷണ റിപ്പോർട്ട് നൽകിയിട്ടുണ്ടോ എന്നീ വിശദാംശങ്ങൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/22.08.23) മറുപടി ലഭ്യമാക്കിയില്ല.

## 1-12 സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

2022-23 സാമ്പത്തിക വർഷത്തെ സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്റ്ററുകളും, ലൈസൻസ് എടുത്തതിന്റെ രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചതിൽ സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും പാരാമെഡിക്കൽ രജിസ്ട്രേഷൻ ചെയ്തിട്ടുണ്ടെങ്കിലും ഫാകടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ബാധകമായ ലൈസൻസ് എടുത്തിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പാരാമെഡിക്കൽ സ്ഥാപനങ്ങൾ | മേൽവിലാസം |
|---|---|
| അംബ പഞ്ചകർമ്മചികിത്സാലയം, ഊരകം | ഡോ. ജിതേഷ് കെ. ജെ, കാരണയിൽ വീട്, എട്ടുമന, കരുവന്നൂർ |
| ഡോ. താരാസ് ഡെന്റൽ ക്ലിനിക്ക് | ഡോ. താരാ കെ. നായർ |
| മാ കെയർ സൂപ്പർ സ്പെഷ്യാലിറ്റി പോളി ക്ലിനിക്ക് & ഡയഗ്നോസ്റ്റിക്ക് സെന്റർ | പ്രസന്നൻ പി. സി, മാനേജിങ്ങ് ഡയറക്ടർ, മണപ്പുറം ഹെൽത്ത് കെയർ ലിമിറ്റഡ് |
| ഹോംലി ഡെന്റൽ കെയർസെന്റർ, ചേർപ്പ് വെസ്റ്റ് | ഡോ. ജോസ്. എം. ആലപ്പാട്ട് |
| --------- | രേഷ്മ തിലകൻ (രസീത് നം. 1220104439, 17/11/2021 |

| | |
|---|---|
| ധന്യ ഡെന്റൽ ക്ലിനിക്ക്, പെരുമ്പിള്ളിശ്ശേരി, ചേർപ്പ് | ------- |

മേൽപറഞ്ഞ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടോ എന്ന ഓഡിറ്റ് അന്വേഷണത്തിന് (21/21.8.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ 2017, ചട്ടം 3,7 പട്ടിക I & II പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്.

ഇത്തരത്തിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ രജിസ്റ്റർ ചെയ്ത എല്ലാ സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്.

## 1-13 റേഷൻകടകൾ,കള്ള് ഷാപ്പ്, കശ്ശാപ്പുശാല, മാവേലി സ്റ്റോർ എന്നിവക്ക് ലൈസൻസ് എടുക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകൾ, കള്ള് ഷാപ്പ്, കശാപ്പുശാല, മാവേലി സ്റ്റോർ എന്നിവക്ക് ലൈസൻസ് എടുത്തതിന്റെ വിവരങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09/21.08..23) മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 പ്രകാരം ടി സ്ഥാപനങ്ങൾ ലൈസൻസ് എടുക്കേണ്ടതാണ്.

## 1-14 പഞ്ചായത്ത് വാടകക്ക് നൽകിയ കെടിടങ്ങളിൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു

2022-23 സാമ്പത്തിക വർഷം വാടകക്ക് നൽകിയ കെട്ടിടങ്ങളുടെ രജിസ്റ്ററുകളും, ലൈസൻസ് എടുത്തതിന്റെ രജിസ്റ്ററുകളും പരിശോധിച്ചതിൽ പഞ്ചായത്ത് വാടകക്ക് നൽകിയ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേരും മേൽവിലാസവും | സ്ഥാപനങ്ങൾ | സ്റ്റാൾനമ്പർ |
|---|---|---|---|
| 1. | തോമസ്, പാറപ്പുള്ളി, അരിമ്പൂർ | തുണികച്ചവടം | 6 |
| 2. | തോമസ്, പാറപ്പുള്ളി, അരിമ്പൂർ | തുണികച്ചവടം | 5 |
| 3. | ജോയ്സൺ, എടത്തുരുത്തിക്കാരൻ | തുണി കട | 7 |

| | | | |
|---|---|---|---|
| 4. | റോസി, W/o. തട്ടിൽ മാണ്ടി ജോർജ്ജ് | കരിക്കച്ചവടം | 8A |
| 5. | ജീസൺ, W/o. എടത്തുരുത്തിക്കാരൻ ലോനക്കുട്ടി | ഉണക്കമീൻ കച്ചവടം | 10A |
| 6. | ടി. ആർ. കുമാരി, തട്ട്ള വീട് | തുണികച്ചവടം | 11 |
| 7. | ജോബി, S/o. എടത്തുരുത്തിക്കാരൻ ലോനക്കുട്ടി | മത്സ്യ കച്ചവടം | 11A |
| 8. | ജോസഫ്, പാറേക്കാടൻ ഇട്ട്യേര | തുണി കച്ചവടം | 12 |
| 9. | സെക്രട്ടറി, സംയുക്ത തൊഴിലാളി യൂണിയൻ | ചുമട്ടു തൊഴിലാളി ഓഫീസ് | 18 |
| 10. | അബ്ദുൾ ഗഫൂർ, പുതിയവീട്ടിൽ | തുണിക്കട | 21 |
| 11. | വിശ്വനാഥന്, S/o. കോരക്കുട്ടി, അവിണിശ്ശേരി | തയ്യൽ കട | 23 |
| 12. | ബേബി, കൊച്ചാപ്പു, പറപ്പുള്ളി | നാളികേര കച്ചവടം | 58 |
| 13. | റോബർട്ട്, തട്ടിൽകട ജോർജ്ജ് | ബേക്കറി | 59 |

ഇത്തരത്തിൽ പഞ്ചായത്ത് വാടകക്ക് നൽകിയ കെട്ടിടങ്ങളിൽ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/21.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ 2017, ചട്ടം 3, 7 പട്ടിക I & II പ്രകാരം സ്ഥാപനങ്ങൾ ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്.

## 1-15 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കേണ്ടതാണ്

ഫയൽ നം. SC2/1313 പ്രകാരം മുരളി വി, വെളിയാട്ട് എന്നിവരുടെ ഉടമസ്ഥതയിൽ ഉള്ള ട്യൂഷൻ സെന്റർ കെട്ടിടനിർമ്മാണം പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിൽ 2/157 A കെട്ടിട നമ്പർ നൽകി. 2022-23 ഒന്നാം

അർദ്ധ വർഷം മുതൽ നികുതി നിർണ്ണയിച്ച നൽകിയിട്ടുണ്ട്. കെട്ടിടത്തിന്റെ വിസ്തീർണം 304.35 ചതുരശ്ര മീറ്റർ ആണ്. ടി കെട്ടിടത്തിന് കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 266, 1999 ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം 3 എന്നിവ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്ന് ആരാഞ്ഞുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം.11/21.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കേണ്ടതാണ്.

1-16 കെട്ടിടങ്ങളുടെ ക്രമവത്കരണം-നിരാക്ഷേപ സാക്ഷ്യപത്രം/സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ ഒക്യുപൻസി നല്കി

I) ഫയൽ നം. SC2-2602/22

ശ്രീ. എ. കെ ദിനേശൻ, അറക്കൽ ഹൗസ്, പല്ലിശ്ശേരി എന്നവർ ഊരകം വില്ലേജ്, സർവ്വേ നമ്പർ - 260/11 ൽ കെട്ടിട നിർമാണ പെർമിറ്റ് എടുക്കാതെ കെട്ടിടഭാഗങ്ങൾ കൂട്ടിചേർത്ത ഹോട്ടൽ കെട്ടിടത്തിന് (ഹോട്ടൽ സവേര പാർക്ക്, ഊരകം) 30.09.2022 തീയതിയിൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നില | ബിൽറ്റ് അപ്പ് വിസ്തീർണം |
|---|---|
| A) നിലവിലെ കെട്ടിടം | 580.00 M2 |
| B)പണി പൂർത്തീകരിച്ചത്(കൂട്ടി ചേർത്തത്) | |
| ഗ്രൗണ്ട് ഫ്ലോർ | 458.44 $M^2$ |
| ഫസ്റ്റ് ഫ്ലോർ | 561.15 $M^2$ |
| സെക്കന്റ് ഫ്ലോർ | 561.15 $M^2$ |
| തേഡ് ഫ്ലോർ | 354.13 $M^2$ |
| കൂട്ടി ചേർത്ത തറവിസ്തീർണം | 1934.87 $M^2$ |
| ആകെ തറവിസ്തീർണം (A+B) | 2514.87 $M^2$ |

കെട്ടിടത്തിന്റെ ഉയരം - 13.16 M

അസി. എഞ്ചിനീയറുടെ അന്വേഷണ റിപ്പോർട്ട് പ്രകാരം (തീയതി രേഖപ്പെടുത്തിയിട്ടില്ല) 1934.87 ച.മീ. വിസ്തീർണത്തിന് ആനുപാതികമായി 38698/- രൂപ ക്രമവത്കരണ ഫീസ് ഈടാക്കുകയും, 13/517 മുതൽ 13/537 വരെ നിലവിലുണ്ടായിരുന്ന കെട്ടിടഭാഗങ്ങൾക്ക് കൂട്ടി ചേർത്തതിന് ആനുപാതികമായി വസ്തു നികതി പുനർ നിർണയിക്കുകയും ചെയ്തിട്ടുണ്ട്.

കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങൾ 2019 – ചട്ടം 5(4) ക്രമ നം. 12 പ്രകാരം 1000 ച.മീറ്ററിലധികം നിർമിത വിസ്തൃതിയുള്ള ഗ്രൂപ്പ് F കെട്ടിടത്തിന് '2016 ലെ നാഷണൽ ബിൽഡിംഗ് കോഡിലെ ഭാഗം 4 ലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് നിർമാണം നടത്തിയതെന്ന് കാണിച്ചു കൊണ്ടുള്ള അഗ്നി രക്ഷാ സേന ഡയറക്ടറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. 19.9.2022 ലെ അസി. എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യമായ നിർമ്മിതിയാണ് എന്ന് അറിയിച്ചിട്ടുണ്ട്.

മേൽ സാക്ഷ്യ പത്രങ്ങൾ ലഭ്യമാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

13/517 മുതൽ 13/537 വരെയുള്ള കെട്ടിടങ്ങൾക്ക് റസ്റ്റോറന്റ്, ഹോട്ടലിന്റെ ബോർഡിംഗ്, ലോഡ്ജിംഗ് എന്ന ആവശ്യത്തിനാണ് ഫാക്ടറി - വ്യാപാര ലൈസൻസ് അനുവദിച്ചിട്ടുള്ളത്.

മേൽ കെട്ടിടങ്ങളിൽ ലോഡ്ജിംഗ് ഒഴികെയുള്ള കെട്ടിട ഭാഗങ്ങളിൽ ഒരേ വ്യാപാരം നടത്തുന്നതിനാൽ പ്രസ്തുത

ഭാഗങ്ങളെ വസ്തുനികുതി നിർണ്ണയത്തിന് ഒരു കെട്ടിടമായി കണക്കാക്കുകയും, ലോഡ്ജിംഗ് ആവശ്യത്തിനുള്ള ഭാഗങ്ങളെ ഒരു കെട്ടിടമായി കണക്കാക്കുകയും, ആയതനുസരിച്ച് തറവിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ പുതിയ വിജ്ഞാപന പ്രകാരമുള്ള ബാധകമായ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിക്കേണ്ടതും ലോഡ്ജിംഗ് കെട്ടിടത്തിന് ആയതിന് ബാധകമായ രീതിയിൽ നികുതി നിർണ്ണയിക്കേണ്ടതും ഇത്തരത്തിലുള്ള മറ്റ് കെട്ടിടങ്ങൾ കണ്ടെത്തി ബാധകമായ ഉപയോഗ ക്രമത്തിൽ നികുതി നിർണയിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം നികുതി വരുമാനത്തിൽ നഷ്ടം സംഭവിക്കാനുള്ള സാധ്യതയുള്ളതിനാൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 7/21.08.2023)

II) ഫയൽ നം. SC2/57/2022

ഫയൽ പ്രകാരം ഓമന ആലേങ്ങാട്ടിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള 481.93 ച.മീറ്റർ തറവിസ്തീർണത്തിൽ പണി പൂർത്തീകരിച്ച വാണിജ്യ കെട്ടിടത്തിന് 7/452 B മുതൽ 7/452 K വരെ (തറവിസ്തീർണം - 48.193 X 10) കെട്ടിട നമ്പറുകൾ നല്കി 01.04.2022 പ്രാബല്യത്തിൽ വസ്തു നികുതി നിർണയിച്ച് നല്കിയിട്ടുണ്ട്.

നം. A2-Ba(65674)/2019 തീയതി 02.03.2019 നം. പെർമിറ്റ് പ്രകാരം 448.64 ച.മീ. തറവിസ്തീർണത്തിലുള്ള വാണിജ്യ കെട്ടിടം നിർമിക്കുന്നതിനാണ് പെർമിറ്റ് നൽകിയിരുന്നത്. അധികമായി നിർമിച്ച 33.29 ച.മീ. വിസ്തീർണത്തിന് ആനുപാതികമായി ക്രമവത്കരണ ഫീസ് (33.29 X 2 X 10 = 666/- രൂപ) അടവാക്കിയിട്ടില്ല. ക്രമവത്കരണ ഫീസ് അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

കൂടാതെ കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങൾ 2019 – ചട്ടം 5(4) ക്രമ നം. 13 പ്രകാരം 300 ച.മീറ്ററിൽ കവിയുന്നതും 1000 ച.മീറ്ററിന് താഴെ നിർമിത വിസ്തൃതിയുമുള്ള ഗ്രൂപ്പ് F കെട്ടിടത്തിന് '2016 ലെ നാഷണൽ ബിൽഡിംഗ് കോഡിലെ ഭാഗം 4 ലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് നിർമാണം നടത്തിയതെന്ന് ആർക്കിടെക്ട്/എഞ്ചിനീയറിൽ നിന്നുള്ള ഒരു സർട്ടിഫിക്കറ്റും അപ്പന്റിക്സ് L ൽ ഉള്ള സാക്ഷ്യപത്രവും നൽകേണ്ടതാണ്. ആയത് ലഭ്യമാക്കാതെ ഒക്യുപൻസി നല്കാനിടയായതിന്റെ കാരണം അറിയിക്കേണ്ടതാണ്. ടി സാക്ഷ്യ പത്രം ലഭ്യമാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.14/21.08.2023)

## 1-17 ക്രമവത്കരണ ഫീസ് അടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

കെട്ടിട നിർമ്മാണ പെർമിറ്റ് എടുക്കാതെ പണി പൂർത്തീകരിച്ച, താഴെ ചേർക്കുന്ന കെട്ടിടങ്ങളുടെ ക്രമവത്കരണ ഫീസ് അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | ഫയൽ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നം. | തറവിസ്തീർണം (ച.മീ.) | ഒക്യുപൻസി |
|---|---|---|---|---|---|
| 1. | SC2/2145/23 | പ്രമോദ് ചെറുവത്തേരി | 4/145 A | 255.45 | താമസം (A1) |
| 2. | SC2/3648/22 | ഇന്ദിര പെരുംപറമ്പിൽ | 6/135 C | 18.52 | വാണിജ്യം (F) |
| 3. | SC2/990/2022 | ഹിൽന രാജൻ | 21/188B | 149.42 | താമസം (A1) |

(ഓഡിറ്റ് എൻക്വയറി നം. 14/21.08.2023)

## 1-18 അനധികൃത സ്കൂൾ കെട്ടിട നിർമാണം - തുടർ നടപടി സ്വീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്

ഫയൽ നം. 3175/23

ചേർപ്പ് വില്ലേജ് 232/2-1, 232/2-2, 232/2-3, 233/6-1 എന്നീ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട സ്ഥലത്ത് വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടത്തിന്റെ (ഗ്ലോബൽ സ്കൂൾ) നിർമ്മാണം ക്രമവത്കരിക്കുന്നതിന് ശ്രീ. നിസാദ്, ചെയർമാൻ, ഹയാത്ത് ചാരിറ്റബിൾ ട്രസ്റ്റ് എന്നവർ അപേക്ഷ നൽകിയിട്ടുണ്ട്.

പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ വിശദാംശങ്ങൾ

| നില | ബിൽറ്റ് അപ്പ് വിസ്തീർണം |
|---|---|
| ഗ്രൗണ്ട് ഫ്ലോർ | 627.19 $M^2$ |
| ഫസ്റ്റ് ഫ്ലോർ | 627.19 $M^2$ |
| ഹെഡ് റൂം | 44.61 $M^2$ |
| ടോയ്‌ലറ്റ് | 44.00 $M^2$ |
| ആകെ വിസ്തീർണം | 1342.99 $M^2$ (14450.57 Sq. Ft.) |

പ്ലോട്ട് വിസ്തീർണം - 4209 $M^2$

വില്ലേജ് ഓഫീസിലെ കൈവശാവകാശ സർട്ടിഫിക്കറ്റ് പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്നത് 'നിലം'തരത്തിലുള്ള ഭൂമിയിലാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സർവ്വേ നം. | വിസ്തീർണം(ഹെക്ടർ) | തരം |
|---|---|---|
| 233/6-1 | 0.2954 | നിലം |
| 232/2-1 | 0.0428 | നിലം |
| 232/2-2 | 0.0399 | നിലം |
| 232/2-3 | 0.0428 | നിലം |
| ആകെ വിസ്തീർണം | 0.4209 | |

തൃശ്ശൂർ ആർ.ഡി.ഒ. യുടെ ബി-7 - 6084/2019 തീയതി 01.10.2022 നം. ഉത്തരവ് പ്രകാരം 233/6 സർവ്വേ നമ്പറിൽ 0.2533 Ha, 232/2 സർവ്വേ നമ്പറിൽ 0.1255 Ha ആകെ 0.3788 ഹെക്ടർ ഭൂമി വില്ലേജ് രേഖകളിൽ പുരയിടം എന്നാക്കി ഉത്തരവായിട്ടുണ്ട്. അപേക്ഷാ ഭൂമിയിൽ (0.3788 ഹെക്ടർ ഭൂമി) കെട്ടിട ഉടമസ്ഥന് 3000 ച. അടി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി ഉണ്ടായിരിക്കുന്നതാണെന്നും 3000 ച. അടിയ്ക്കു മുകളിൽ കെട്ടിടം നിർമിക്കുകയാണെങ്കിൽ അധികം നിർമിക്കുന്ന ഓരോ ച. അടിയ്ക്കും 100/- രൂപ ഫീസ് ഒടുക്കേണ്ടതാണെന്നും ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ക്രമവത്കരണ അപേക്ഷ, സൈറ്റ് എന്നിവ പരിശോധിച്ചതിൽ അസി.എഞ്ചിനീയർ താഴെ ചേർക്കുന്ന ന്യൂനതകൾ അറിയിച്ചിട്ടുണ്ട്.

1) സൈറ്റ് പ്ലാനിൽ വെറ്റ് ലാന്റ് ഏരിയ കാണിക്കേണ്ടതാണ്.

2) പ്ലോട്ടിലുള്ള മുഴുവൻ കെട്ടിടങ്ങളുടെയും ബിൽറ്റ് അപ്പ് ഏരിയ, FSI, Coverage എന്നിവ കാണിക്കേണ്ടതാണ്.

3) വേസ്റ്റ് ഡിസ്പോസൽ സംവിധാനം ആവശ്യമാണ്.

4) പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നിരാക്ഷേപ സാക്ഷ്യ പത്രം , ഫയർ എൻ.ഒ.സി എന്നിവ ഹാജരാക്കേണ്ടതാണ്.

സൈറ്റ് പ്ലാനിൽ നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണം 335.30 $M^2$ + 27.28 $M^2$ എന്ന് കാണിച്ചിട്ടുണ്ട്. എന്നാൽ ടി കെട്ടിടത്തിന്റെ ബിൽറ്റ് അപ്പ് ഏരിയ FSI, Coverage എന്നിവയുടെ കാൽക്കുലേഷനിൽ സൂചിപ്പിച്ചിട്ടില്ല.

എഞ്ചിനീയറിങ്ങ് വിഭാഗം സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് ഫയൽ പുന:സമർപ്പിച്ചതിന്റെയും കെട്ടിടം ക്രമവത്കരിച്ച് വസ്തു നികുതി ഈടാക്കിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം അനധികൃത കെട്ടിട നിർമാണത്തിനെതിരെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 ഡബ്ലിയു പ്രകാരമുള്ള

തുടർ നടപടികൾ സ്വീകരിക്കേണ്ടതും കെട്ടിട നിർമാണം ക്രമവത്കരിക്കുന്നതു വരെ 235 എഎ പ്രകാരം നിയമാനുസൃതമല്ലാതെ നിർമിച്ച കെട്ടിടത്തിന് നികുതി നിർണയിച്ച് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. കൂടാതെ 3000 ച. അടിയ്ക്ക് മുകളിൽ കെട്ടിടം നിർമ്മിച്ചതിന് ഫീസ് ഒടുക്കിയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 14/21.08.2023)

## 1-19 കെട്ടിടങ്ങളുടെ ക്രമവത്കരണം-തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്

ഫയൽ നം SC2-5567/22

ഊരകം വില്ലേജ് റിസർവ്വേ നമ്പർ 494/4-1 ൽ ഉൾപ്പെട്ട സ്ഥലത്ത് നിലവിലുള്ള വാസ ഗൃഹത്തിനോട് കൂട്ടി ചേർത്ത കെട്ടിടഭാഗത്തിന് ക്രമവത്കരണം നടത്തുന്നതിന് ശ്രീ. ശിവദാസൻ, ബാലകൃഷ്ണൻ മുതൽ പേര് കളപ്പാടൻ വീട് എന്നവർ 16.12.2022 ൽ അപേക്ഷ നൽകിയിട്ടുണ്ട്.

പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം

| നില | ബിൽറ്റ് അപ്പ് വിസ്തീർണം |
|---|---|
| നിലവിലുള്ള വാസഗൃഹം | 52.67 $M^2$ |
| പൂർത്തീകരിച്ച (പുതുതായി കൂട്ടിച്ചേർത്ത) ഗ്രൗണ്ട് ഫ്ലോർ (റെസിഡൻഷ്യൽ) | 62.95 $M^2$ |
| പൂർത്തീകരിച്ച (പുതുതായി കൂട്ടിച്ചേർത്ത) ഫസ്റ്റ് ഫ്ലോർ (റെസിഡൻഷ്യൽ) | 35.80 $M^2$ |
| ആകെ തറവിസ്തീർണം | 151.42 $M^2$ |

പ്ലോട്ടിൽ നിലവിലുള്ള കെട്ടിട നം. -16/255

റവന്യൂ രേഖകൾ പ്രകാരമുള്ളതിനേക്കാൾ അധികമായി പ്ലാനിൽ പ്ലോട്ട് അളവുകൾ രേഖപ്പെടുത്തിയതിനാൽ അതിരളവുകൾ സൈറ്റിൽ നിർണയിച്ച് അത് പ്രകാരം സൈറ്റ് പ്ലാൻ തയ്യാറാക്കി സർവ്വേ സ്കെച്ച് ഹാജരാക്കാൻ 28.12.2022 ൽ അറിയിപ്പ് നല്കിയിട്ടുണ്ട്.

അറിയിപ്പ് നല്കിയതിനു ശേഷം നാളിതുവരെ അപാകതകൾ പരിഹരിച്ച് പുനർ സമർപ്പിച്ചിട്ടില്ല.

കൂടാതെ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം നിലവിലുള്ള കെട്ടിടത്തിന് (16/255) 40 $M^2$ തറവിസ്തീർണം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതും ടി ഏരിയക്ക് മാത്രമാണ് വസ്തുനികുതി നിർണയിച്ചിട്ടുള്ളതും. മേൽ കെട്ടിട നിർമ്മാണം ക്രമവത്കരിച്ചതിന്റെ വിവരവും ആയതനുസരിച്ച് ആകെ തറവിസ്തീർണത്തിന് ആനുപാതികമായി വസ്തു നികുതി നിർണയിച്ചതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 18/21.08.2023)

## 1-20 മൊബൈൽ ടവർ - മുഴുവൻ തറവിസ്തീർണം കണക്കിലെടുക്കാതെ വസ്തു നികുതി നിർണയിച്ചു

I) ഫയൽ നം. Sc2/3997/22

ഊരകം വില്ലേജ് 48/6 സർവ്വേ നമ്പറിൽ ഉൾപ്പെട്ട സ്ഥലത്ത് പെർമിറ്റ് എടുക്കാതെ പണി പൂർത്തീകരിച്ച മൊബൈൽ ടവറിന് 21.01.2023 ൽ സുമിത് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ക്രമവത്കരണം നടത്തി താഴെ ചേർക്കും പ്രകാരം വസ്തുനികുതി നിർണയിച്ചിട്ടുണ്ട്.

കംപ്ലീഷൻ പ്ലാൻ പ്രകാരം തറ വിസ്തീർണത്തിന്റെ വിവരങ്ങൾ

ഔട്ട് ഡോർ B T S- 2.91 $M^2$

ജനറേറ്റർ റൂം - 3.62 $M^2$

ടവർ - 2.75 $M^2$

നികുതി നിർണയ വിവരങ്ങൾ

കെട്ടിട നം. - 10/9E

3.62 X 500 = 1810 – 181 (10% മേഖല ഇളവ്) + 362 (20% വഴി സൗകര്യം വർദ്ധനനവ് ) = 1991 + L.C.

ആകെ - 3.62 $M^2$ തറവിസ്തീർണത്തിനാണ് നികുതി ചുമത്തിയിട്ടുള്ളത്.

Ii) ഫയൽ നം. Sc2/3996/22

05.03.2018 ലെ 300/2018 നം. പെർമിറ്റ് പ്രകാരം നിർമാണം പണി പൂർത്തീകരിച്ച മൊബൈൽ ടവറിന് 25.07.2022 ൽ സുമിത് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ ചേർക്കും പ്രകാരം 01.04.2022 പ്രാബല്യത്തിൽ വസ്തുനികുതി നിർണയിച്ചിട്ടുണ്ട്.

കംപ്ലീഷൻ പ്ലാൻ പ്രകാരം തറ വിസ്തീർണത്തിന്റെ വിവരങ്ങൾ

ഔട്ട് ഡോർ B T S- 15.86 $M^2$

ജനറേറ്റർ റൂം - 2.40 $M^2$

ടവർ - 21.62 $M^2$

നികുതി നിർണയ വിവരങ്ങൾ

കെട്ടിട നം. - 2/46D

21.62 X 500 = 10810 – 1081 (10% മേഖല ഇളവ്) = 9729 + L.C.

ആകെ - 21.62 M2 തറവിസ്തീർണത്തിനാണ് നികുതി ചുമത്തിയിട്ടുള്ളത്.

26.2.2022 ലെ നം. ആർ.ഡി.3/94/2020/ത.സ്വ.ഭ.വ. സർക്കുലർ പ്രകാരം മൊബൈൽ ടവറുകളുടെ തറവിസ്തീർണം + ജനറേറ്റർ + മറ്റ് അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന തറയുടെ വിസ്തീർണം എന്ന രീതിയിലാണ് മൊബൈൽ ടവറുകളുടെ തറവിസ്തീർണം കണക്കാക്കേണ്ടതെന്ന് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ച ടവറുകളുടെ തറവിസ്തീർണം കണക്കാക്കിയതിൽ ക്രമ നം. 1 ൽ ജനറേറ്റർ റൂമിന്റെ മാത്രവും ക്രമ നം. 2 ൽ മൊബൈൽ ടവറിന്റെ മാത്രവുമാണ് തറവിസ്തീർണം വസ്തുനികുതി നിർണ്ണയത്തിന് കണക്കിലെടുത്തിട്ടുള്ളത്.

ടി വിഷയത്തിൽ ഓഡിറ്റ് എൻക്വയറി നല്കിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥല പരിശോധന നടത്തി മൊബൈൽ ടവറുകളുടെ തറവിസ്തീർണം കണക്കാക്കി തുടർ നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 18/21.08.2023)

## 1-21 ക്രമവത്കരണ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 95 (3) പ്രകാരം രാജിയാക്കൽ ഫീസ് ലഭിക്കുകയും ഉപാധികൾ എന്തെങ്കിലും ഉണ്ടെങ്കിൽ അനുസരിക്കുകയും ചെയ്യുന്നതിന്മേൽ അനുബന്ധം G1 ലെ പോലെ ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതും അനുബന്ധം G2 വിലെ പോലെ ഒരു മാതൃകാ രജിസ്റ്ററിൽ അതിന്റെ വിശദ വിവരങ്ങൾ രേഖപ്പെടുത്തി ഒരു സ്ഥിര രേഖയായി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ പരിശോധിച്ച ഫയലുകളിൽ കെട്ടിടനിർമ്മാണം ക്രമവത്കരിച്ചതിന്റെ ഉത്തരവ് സൂക്ഷിച്ചിട്ടില്ല. കൂടാതെ ക്രമവത്കരണം സംബന്ധിച്ച രജിസ്റ്ററും സൂക്ഷിക്കുന്നില്ല. മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-22 കെട്ടിട നിർമ്മാണ അപേക്ഷാ രജിസ്റ്റർ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ കൂടി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്

സർക്കുലർ നം 12900/ആർ.എ/15ത.സ്വ.ഭ.വ. തീയതി 02.12.2015 പ്രകാരം, എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും കെട്ടിട നിർമ്മാണ അപേക്ഷാ രജിസ്റ്റർ കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തി

സൂക്ഷിക്കേണ്ടതാണ്. രജിസ്റ്ററിലെ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തേണ്ടതുമാണ്.

ബിൽഡിംഗ് അപേക്ഷാ രജിസ്റ്ററിൽ എല്ലാ കോളങ്ങളും പൂരിപ്പിക്കുന്നില്ല. ആയതിൽ പെർമിറ്റ് ഫീസ്, ഫീസ് അടവാക്കിയതിന്റെ വിവരങ്ങൾ, ക്രമവത്കരണ ഫീസ് അടവാക്കിയതിന്റെ വിവരങ്ങൾ, വസ്തു നികുതി നിർണ്ണയ വിവരങ്ങൾ, ഫയൽ കൈമാറിയതിന്റെ വിവരങ്ങൾ എന്നിവ ചേർക്കുന്നില്ല.

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ വസ്തുനികുതി നിർണ്ണയവിവരങ്ങൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ മാത്രമേ കെട്ടിടങ്ങളുടെ നിയമാനുസൃത നിർമാമണം ഉറപ്പുവരുത്താനും, കൂട്ടിച്ചേർക്കാൻ പെർമിറ്റ് എടുത്തിട്ടുള്ള കെട്ടിടഭാഗങ്ങൾക്ക് നികുതി നിർണ്ണയിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും അതുവഴി നികുതിചോർച്ച തടയാനും സാധിക്കുകയുള്ളൂ. പെർമിറ്റ് നൽകിയ എല്ലാ കെട്ടിടങ്ങളുടെയും കാര്യത്തിൽ വസ്തുനികുതി നിർണ്ണയവിവരങ്ങൾ കൂടി ഉൾപ്പെടുത്തിയാൽ മാത്രമേ പെർമിറ്റ് ലഭ്യമായ എല്ലാ കെട്ടിടങ്ങളും നിയമാനുസൃതം പൂർത്തീകരിച്ചതായി ഉറപ്പാക്കാൻ സാധിക്കൂ. ഇക്കാര്യം സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.

എല്ലാ മാസവും നിശ്ചിത ദിവസം സെക്രട്ടറിയോ ചുമതലപ്പെടുത്തിയ മറ്റ് ഉദ്യോഗസ്ഥരോ രജിസ്റ്റർ പരിശോധിക്കേണ്ടതും രജിസ്റ്ററിലെ ക്രമപ്രകാരം അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. പരിശോധിച്ച വിവരം തീയതി വച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 18/21.08.2023)

## 1-23 മെഡിക്കൽ ഓഫീസർ സി.എച്ച്.സി നടപ്പിലാക്കിയ പദ്ധതികൾ

മെഡിക്കൽ ഓഫീസർ സി.എച്ച്.സി നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്റ്റുകളുടെ മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് പ്രോജക്റ്റ് നമ്പർ | ട്രഷറി ബിൽ നമ്പർ/ വൗച്ചർ നമ്പർ/തുക | പ്രൊഫോർമ ഇൻവോയ്സ് നമ്പർ | തുക നൽകിയത് | മരുന്നു/ഉപകരണം ലഭിച്ചതിന്റെ വിവരം |
|---|---|---|---|---|---|
| 1 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ 56/2023 | A) Vr. No. 42200949/5.1.23 (വികസന ഫണ്ട് ജനറൽ) തുക -233564/- | PRF 3186/26.12.2022 | കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | മരുന്നു വാങ്ങുന്നതിനായി നൽകിയ ആകെ 538093 രൂപയിൽ 370624 രൂപയുടെ മരുന്നു ആണ് ലഭ്യമായിരിക്കുന്നത് |
| | | B)-250000, വൗച്ചർ നമ്പർ- 42200950/ 1.3.23 (ജില്ലാ പഞ്ചായത്ത് വിഹിതം)- തുക -250000/- | PRF 4876/ 01.03.2023 | | |
| | | C) 27/29.3.23 - ആകെ തുക - 91119/ - (മരുന്നു വാങ്ങുന്നതിനായി നൽകിയ തുക 54529/- | PRF 4870/ 01.03.2023 | | |

| | | | | | |
|---|---|---|---|---|---|
| 2 | ചേർപ്പ് സാമൂഹിക ആരോഗ്യ കേന്ദ്രത്തിലെ രോഗ നിർണ്ണയ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് 202/23 | 22201080/ 31.3.23 181814/- | കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | | ഹെമറ്റോളജി അനലൈസർ വാങ്ങുന്നതിനാണ് തുക നൽകിയിരിക്കുന്നത്. ഹെമറ്റോളജി അനലൈസർ ലഭ്യമായിട്ടില്ല. |

മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമാകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 വാടകയ്ക്ക് പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടനിർമ്മാണം നടത്തുന്നതിനുവേണ്ട നടപടികൾ ഊർജ്ജിതമാക്കേണ്ടതാണ്

പഞ്ചായത്തിൽ 7 അംഗൻവാടികൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട് (AWC No. 3, 4, 11, 21, 25, 27, 31). സ.ഉ(കൈ)84/2022ത.സ്വ.ഭ.വ തീയതി. 19.4.2022 ഖണ്ഡിക 8.8.2 (1) പ്രകാരം അംഗൻവാടികൾക്ക് സ്ഥലം കെട്ടിടം ചുറ്റുമതിൽ, കുടിവെള്ളം, ഫർണ്ണീച്ചർ മറ്റ് ഭൗതിക സാഹചര്യങ്ങൾ മുതലായവ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകേണ്ടതാണ്. കൂടാതെ അംഗൻവാടികൾക്ക് അധികവാടകയിനത്തിൽ 2022-23 സാമ്പത്തിക വർഷം 100824 രൂപ ചെലവഴിച്ചിട്ടുണ്ട് (പ്രോജക്ട് നമ്പർ 91/2023). ആയതിനാൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടനിർമ്മാണം നടത്തുന്നതിനുവേണ്ട നടപടികൾ ഉണ്ടാവുന്നതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-25 മെഡിക്കൽ ഓഫീസർ സി.എച്ച്.സി നടപ്പാക്കിയ പദ്ധതി - മതിയായ ഗുണഭോക്താക്കളെ ഉറപ്പു വരുത്തേണ്ടതാണ്

22.2.2023 ലെ ഭരണ സമിതി യോഗം അജണ്ട 1 പ്രകാരം മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തുന്ന പദ്ധതിയായ മെൻസ്ട്രുവൽ കപ്പ് വിതരണം എന്ന പ്രോജക്ടിന് മതിയായ ഗുണഭോക്താക്കളെ ലഭ്യമല്ലാതിരുന്നതിനാൽ ചെലവ് കഴിച്ച് ബാക്കി തുക വകമാറ്റുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും നിർദ്ദേശം ഉണ്ടായെങ്കിലും ആയത് ഘടക പദ്ധതികളെ ബാധിക്കുന്നതിനാലും മേൽ പദ്ധതി ഭേദഗതി ചെയ്ത് പുതിയ പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കാൻ സമയം ഇല്ലാത്തതിനാലും പദ്ധതി ഭേദഗതി ചെയ്യേണ്ടായെന്ന് യോഗം വിലയിരുത്തുകയും പദ്ധതി നടപ്പാക്കുയും ചെയ്തു. 2022-23 സാമ്പത്തിക വർഷം മെൻസ്ട്രുവൽ കപ്പ് വിതരണം എന്ന പദ്ധതി ജനറൽ, എസ്.സി.പി. എന്നിവ നടപ്പാക്കിയിട്ടുണ്ട്. ആയതിന് താഴെപ്പറയുന്ന പ്രകാരം ചെലവ് വന്നിട്ടുണ്ട്.

| ക്രമ നമ്പർ | പദ്ധതി | വൗച്ചർ നം. തുക | വാങ്ങിയതിന്റെ വിവരം |
|---|---|---|---|
| 1 | 145/2023 മെൻസ്ട്രുവൽ കപ്പ് വിതരണം എസ്.സി.പി | 42201168/21.3.23 65100 | 217 എണ്ണം |
| 2 | 121/2023 മെൻസ്ട്രൽ കപ്പ് വിതരണം ജനറൽ | (A) 42201053/18.1.23 (B) 42201201/29.3.23 616350 | 2237 എണ്ണം |

വിതരണ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/2023)

മെൻസ്റ്റുവൽ കപ്പ് വിതരണം (ജനറൽ) എന്ന പദ്ധതി പ്രകാരം 65 എണ്ണം വിതരണം ചെയ്തിട്ടില്ല എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 5/21.8.23) മെൻസ്റ്റുവൽ കപ്പ് വിതരണം (SCP) മുഴുവനും വിതരണം ചെയ്തിട്ടുണ്ട്. പദ്ധതികൾ നടപ്പാക്കുമ്പോൾ ആയതിന് ഗുണഭോക്താക്കളുടെ ലഭ്യത ഉറപ്പ് വരുത്തേണ്ടതാണ്.

സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നമ്പർ 115/2022 ത.സ്വ.ഭ.വ 28.5.2022 ഖണ്ഡിക 7.6.8 പ്രകാരം എല്ലാ വിഭാഗം വനിതകൾക്കും 100 ശതമാനം സബ്സിഡിയിൽ മെൻസ്റ്റുവൽ കപ്പ് നൽകാവുന്നതും, പുനരുപയോഗിക്കാവുന്നതും ദീർഘകാലം പാർശ്വ ഫലങ്ങളില്ലാതെ ഉപയോഗിക്കാവുന്നതുമായ ഈ സംവിധാനം പ്രോത്സാഹിപ്പിക്കേണ്ടതും ഇതിന്റെ വിശ്വാസ്യതയ്ക്കും സംശയനിവാരണത്തിനും യു.പി.എച്ച്.സി/എഫ്.എച്ച്.സി/സി.എച്ച്.സി ഡോക്ടറുടെ നേതൃത്വത്തിൽ ബോധവത്കരണ പ്രചരണ പരിപാടി നടത്തി വിതരണം ചെയ്യുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-26 പ്രവൃത്തി പൂർത്തീകരണം വൈകിയതിന് നിയമപ്രകാരമുള്ള പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് മാന്വൽ 2012ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി ദീർഘിപ്പിച്ച് നൽകാവുന്നത്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്.

ആദ്യതവണ കരാർ കാലയളവിന്റെ 25% സമയം PAC യുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് കരാർ കാലയളവിന്റെ 25% അനുവദിക്കുമ്പോൾ PACയുടെ 2% പിഴ ഈടാക്കേണ്ടതാണ്. അസി. എഞ്ചിനീയർ 2022-23 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലവധി നീട്ടി നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല. പിഴ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം. 24/22.8.23)

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | എഗ്രിമെന്റ് തീയതി | പൂർത്തീകരിക്കേണ്ട തീയതി | പൂർത്തീകരിച്ച തീയതി |
|---|---|---|---|---|
| 1 | ചേന്ദംകുളം സൈഡ് പ്രൊട്ടക്ഷൻ (സ്പിൽ ഓവർ) പ്രോജക്റ്റ് നമ്പർ - 42/23<br>അടങ്കൽ - 1424000/-<br>കരാർ തുക – 1269962/-<br>കരാറുകാരൻ - ഗോഗിൻ<br>എഗ്രിമെന്റ് നം.9/AE /LSGD/CHP/21 തീയതി 21.05.2020<br>അളവു പുസ്തകം- 69/19-20<br>1. വൗച്ചർനമ്പർ- 42200958/16.05.2022- 203848/-<br>2. വൗച്ചർനമ്പർ- 42200960/31.05.2022- | 21.05.2020 | 20.11.2020 | 16.05.2022 |

| | | | | |
|---|---|---|---|---|
| | 270302/-<br>(2nd & Final Bill)<br>(സാങ്കേതിക അനുമതി പ്രകാരം പൂർത്തീകരണ കാലാവധി 6 മാസം) | | | |

## 1-27 ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് മുഴുവൻ ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, ആയുർവേദം

| പ്രൊജക്ട് നമ്പർ | 179/23 |
|---|---|
| | ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങൽ |
| അടങ്കൽ | 3,50,000/- |
| ചെലവ് | 3,50,000 /- (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |

മേൽ പദ്ധതികൾ പ്രകാരം ഔഷധിക്ക് തുക കൈമാറിയതിൽ നാളിതു വരെ മരുന്ന് ലഭ്യമാക്കാത്തതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | ട്രഷറി ബിൽ നം./ തീയതി | പ്രൊഫോർമ ഇൻവോയ്സ്/ തുക | കൈമാറിയ തുക | മരുന്ന് ലഭിച്ചത്/ഇൻവോയ്സ് നമ്പർ/തീയതി | മരുന്ന് ലഭിക്കാനുള്ളത് |
|---|---|---|---|---|---|---|
| 1 | 179/23 | 01/04.01.2023 | PRF-173170/ 27.12.2022 | 3,50,000 | 1)115768 ( GP/756/22-23 /90286580 Dt. 16/11/22)<br>2) 175724 (GP/756/22-23 /90289225 Dt. 31/01/23.)<br>3) 6615 (GP/756/22-23 /90295457 Dt. | 51893 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 24/03/23) | |

ബാക്കി മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (26/22.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-28 ഭവന നിർമ്മാണം:പൂർത്തീകരിച്ചിട്ടില്ല

വി.ഇ.ഒ.ചേർപ്പ് (സർക്കിൾ) നടപ്പിലാക്കിയ വീട് വാസയോഗ്യമാക്കൽ പദ്ധതിൽ (28/23) 50000/- രൂപ വീതം കൈപ്പറ്റേണ്ട ഗുണഭോക്താക്കൾ ഒരു ഗഡു തുക കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. പണി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്ന (ഓഡിറ്റ് എൻക്വയറി നം. 15 /21.08.2023)

| ഗുണഭോക്താവ് | കൈപ്പറ്റിയ തുക |
|---|---|
| ചന്ദ്രൻ പി. ആർ | 25000/- |

## 1-29 ഭവന നിർമ്മാണം:പൂർത്തീകരിച്ചിട്ടില്ല

വി.ഇ.ഒ ഊരകം (സർക്കിൾ) നടപ്പിലാക്കിയ ലൈഫ് മിഷൻ (എസ്.സി)പ്രൊജക്റ്റിൽ (നമ്പർ 78/23) 400000/- രൂപ കൈപ്പറ്റേണ്ട ഗുണഭോക്താക്കൾ വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം. 16 /03.08.2023)

| ഗുണഭോക്താക്കൾ | കൈപ്പറ്റിയ തുക |
|---|---|
| അമ്മിണി വേലായുധൻ, വരാപ്പുഴ, പനങ്കുളം | 365000/- |
| അമ്മിണി വേലായുധൻ, ഐരിൽ ഹൗസ്, കരുവന്നൂർ | 40000/- |
| ചന്ദ്രിക ശങ്കരൻ | 360000/- |

## 1-30 ഭവന നിർമ്മാണം:പൂർത്തീകരിച്ചിട്ടില്ല

വി.ഇ.ഒ.എട്ടുമന (സർക്കിൾ) നടപ്പിലാക്കിയ ലൈഫ് മിഷൻ (ജനറൽ) പ്രൊജക്റ്റിൽ (75/23), 400000/- രൂപ കൈപ്പറ്റേണ്ട ഗുണഭോക്താക്കൾ വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു (ഓഡിറ്റ് എൻക്വയറി നം. 17 /21.08.2023)

| ഗുണഭോക്താക്കൾ | കൈപ്പറ്റിയ തുക |
|---|---|
| വാസു പകരാവൂർ | 350000/- |
| സൈനബ | 360000/- |
| കലകലത | 376551/- |

## 1-31 തൊഴിലുറപ്പപദ്ധതി-സിമന്റ്, ക്വാറി മക്ക് എന്നിവക്ക് ഉയർന്ന നിരക്ക്

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ നിർമാണ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചപ്പോൾ സിമന്റ്, ക്വാറി മക്ക് ഫില്ലിങ് എന്നിവയ്ക്കുള്ള നിരക്ക് പ്രൈസ്, സോഫ്റ്റ് വെയർ, മാർക്കറ്റ് നിരക്ക് എന്നിവയെക്കാൾ വളരെ കൂടുതലാണെന്ന് കാണുന്നു. വിവരം ചുവടെ കൊടുക്കുന്നു.

1. തൊഴിലുറപ്പപദ്ധതിയിലെ വിശദമായ എസ്റ്റിമേറ്റ് പരിശോധിച്ചപ്പോൾ കോഡ് 0367 പ്രകാരം ഒരു ടൺ സിമന്റിന് 11520/- രൂപ നിരക്കാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് പ്രകാരം 50 കി. ഗ്രാം ഉള്ള ഒരു ചാക്ക്

സിമന്റിന്റെ വില 576/- രൂപ വരും. ഇത് മാർക്കറ്റ് നിരക്കിനേക്കാൾ വളരെയധികം ഉയർന്ന നിരക്കാണ്.

തൊഴിലുറപ്പുപദ്ധതിയിലെ എസ്റ്റിമേറ്റിലെ ഉയർന്ന നിരക്ക് കരാറുകാരെ പരമാവധി എസ്റ്റിമേറ്റ് നിരക്ക് രേഖപ്പെടുത്താൻ പ്രേരിപ്പിക്കുന്ന ഒന്നാണ്. ഗ്രാമപഞ്ചായത്തിൽ ഈ പദ്ധതിപ്രകാരം സാധനസാമഗ്രികൾ വിതരണം ചെയ്യാൻ കരാറെടുത്ത ശ്രീ. രാജീവ് ടി. എൻ രേഖപ്പെടുത്തിയത് എസ്റ്റിമേറ്റ് നിരക്കുപ്രകാരമുള്ള 11520/- ടൺ ആണ്.

പ്രൈസ് സോഫ്റ്റ് വെയർ പ്രകാരമുള്ള സിമന്റിന്റെ വില താഴെ കൊടുക്കുന്നു.

| | |
|---|---|
| തൊഴിലുറപ്പുപദ്ധതി പ്രകാരം നിരക്ക് | 11520/ ടൺ |
| പ്രൈസ് സോഫ്റ്റ്‌വെയർ പ്രകാരം സിമന്റ് വില | 5032.24/ടൺ |
| കൂട്ടുക, 5% ഓവർഹെഡ് ചാർജ് | 251.64 |
| ആകെ | 5283.88 |
| കൂട്ടുക, 10% കരാറുകാരന്റെ ലാഭം | 528.39 |
| ആകെ | 5812.27 |
| കൂട്ടുക, 35.59% കോസ്റ്റ് ഇൻഡക്സ് | 2068.59 |
| പ്രൈസ് പ്രകാരം സിമന്റ് നിരക്ക് | 7880.86/ടൺ |

ഇതനുസരിച്ച് 50 കി. ഗ്രാം വരുന്ന ഒരു ചാക്ക് സിമന്റിന് 394/- രൂപ മാത്രമാണ് വരിക. തൊഴിലുറപ്പുപദ്ധതി നിരക്കുപ്രകാരമുള്ള വിലയേക്കാൾ 182/- രൂപ കുറവാണ് പ്രൈസ് സോഫ്റ്റ് വെയർ പ്രകാരം വരുന്നത്.

തൊഴിലുറപ്പുപദ്ധതി ആലപ്പുഴ ജില്ലാ ഓംബുഡ്സ്മാന്റെ 8/7/22 ലെ OMB/ALP/AW/20/22 നമ്പർ വിധി അനുസരിച്ച് 50 ചാക്കിന് മുകളിൽ വരുന്ന സിമന്റ് വിതരണത്തിന് കരാറുകാർക്ക് സിമന്റിന്റെ മാർക്കറ്റ് വിലയും ഇറക്കുകൂലിയും മാത്രമേ നൽകേണ്ടതുള്ളൂ. പ്രവൃത്തി സംബന്ധിച്ച ഫയലുകളിൽ സിമന്റ് വാങ്ങിയതിന്റെ ബിൽ/ടാക്സ് ഇൻവോയ്സ് എന്നിവ ഹാജരാക്കാത്തതിനാൽ മാർക്കറ്റ് നിരക്കും എസ്റ്റിമേറ്റ് നിരക്കും തമ്മിൽ താരതമ്യം ചെയ്യാൻ സാധിച്ചിട്ടില്ല.

ഈ പദ്ധതിയുടെ ഭാഗമായി കോൺക്രീറ്റ് റോഡുകളും നടപ്പാതകളും നിർമിച്ചിട്ടുണ്ട്. ഇവിടെ വിവിധ അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. ഇതിന് വേണ്ടി വന്ന സിമന്റ് 0.1700 ടൺ മുതൽ 0.3200 ടൺ വരെയാണ്. കരാറുകാരൻ സിമന്റിന്റെ ബില്ലുകൾ ഹാജരാക്കിയിട്ടില്ല എന്നാണ് ഫയൽ പരിശോധനയിൽ വ്യക്തമാകുന്നത്. ഇത്തരത്തിൽ താഴെ പറയുന്ന പ്രവൃത്തികൾക്ക് സിമന്റിന് വിലവ്യത്യാസം വന്നിട്ടുണ്ട്.

1. കള്ളിപ്പെണ്ണ് റോഡ് നിർമ്മാണം-അളവുപുസ്തകം,192/MGNREGS/22-23

2.വിനായക റോഡ് നിർമ്മാണം-അളവുപുസ്തകം 184/MGNREGS/22-23

3.കള്ളിയത്ത് റോഡ് നിർമ്മാണം-അളവുപുസ്തകം 198/MGNREGS/22-23

2. ക്വാറി മക്ക് ഫില്ലിങ്

ഈ ഇനത്തിന് പ്രൈസ് സോഫ്റ്റ്‌വെയർ പ്രകാരമുള്ള നിരക്ക് 933.33 ആണ്. എന്നാൽ തൊഴിലുറപ്പുപദ്ധതിയിലെ വിവിധ പ്രവൃത്തികളിൽ ഇതിന് 1514.02/ഘ. മീ. നിരക്കിൽ നൽകിയതുമൂലം യഥാക്രമം 580.69/- ഘ. മീ. രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തി, അളവുപുസ്തകം | നൽകിയ നിരക്ക് | നിരക്കുവ്യത്യാസം | ചെയ്ത അളവ് | അധികതുക |
|---|---|---|---|---|---|
| 1 | കള്ളിപ്പെണ്ണ് റോഡ് നിർമാണം-അളവുപുസ്തകം,192/MGNREGS/22-23 | 1514.02 | 580.69 | 23.24 ഘ. മീ. | 13495/- |
| 2 | വാളക്കടവിൽ റോഡ് നിർമാണം-അളവുപുസ്തകം 170/MGNREGS/22-23 | ,, | ,, | 50.74 ,, | 29470/- |

| | | | | | |
|---|---|---|---|---|---|
| 3 | വിനായക റോഡ് നിർമാണം-അളവുപുസ്തകം 184/MGNREGS/22-23 | ,, | ,, | 26,, | 15098/- |
| 4 | കള്ളിയത്ത് റോഡ് നിർമാണം-അളവുപുസ്തകം 198/MGNREGS/22-23 | ,, | ,, | 22.52,, | 13077/- |
| | ആകെ | | | | 71140/- |

ഇപ്രകാരം ഉയർന്ന നിരക്ക് നൽകുന്നതുമൂലം കരാറുകാർക്ക് വലിയ ലാഭം ഉണ്ടാകുന്നുണ്ട്.

ഇപ്രകാരം ഈ പദ്ധതിയിൽ അധികതുക ചെലവഴിക്കാനിടവരുന്നത് എത്രയും വേഗം തൊഴിലുറപ്പുമിഷൻ ഡയറക്ടറുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം. 12 /21.08.2023).

## 1-32 മസ്റ്റർറോളിൽ ഒപ്പ്/വിരലടയാളം രേഖപ്പെടുത്താതെ വിദഗ്ധത്തൊഴിലാളികളുടെ വേതനം കൈപ്പറ്റി

വൗച്ചർ നം.42201209/31.03.2023 തുക-30971213/-

സർക്കുലർ നം.73945/ഡി.ഡി.2/2010/തസ്വഭവ/ തിയതി 07.01.2011 പ്രകാരം തൊഴിലുറപ്പ് പദ്ധതിയിലെ നിർവ്വഹണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനായി അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കുലറിലെ ഖണ്ഡിക 3 പ്രകാരം മസ്റ്റർ സൂക്ഷിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകിയിരുന്നു.

1. 2011-12 വർഷം മുതൽ ഇ-മസ്റ്റർ റോൾ മാത്രമേ ഉപയോഗിക്കേണ്ടതുള്ളൂ. ഇതിൽ വെട്ടിത്തിരുത്തലുകൾ പാടില്ല. തിരുത്തലുകൾ വേണ്ടി വന്നാൽ മേറ്റ് ചുവന്ന മഷി ഉപയോഗിച്ച് തിരുത്തൽ വരുത്തി അതിന് താഴെ കയ്യൊപ്പ് വെയ്ക്കേണ്ടതാണ്. ഇത് ഫീൽഡ് തല ഉദ്യോഗസ്ഥൻമാർ പരിശോധിച്ച ബോധ്യപ്പെടണം.

2. മസ്റ്റർ റോളിൽ 'X' ചിഹ്നം ഉപയോഗിച്ച് ഹാജർ രേഖപ്പെടുത്തുന്നത് അനുവദനീയമല്ല. തൊഴിലാളിയുടെ ഒപ്പ്/ചുരുക്കിയ ഒപ്പ് രേഖപ്പെടുത്തണം. അപ്രകാരമല്ലാത്ത മസ്റ്റർ റോളുകളിൽ വേതന വിതരണം അനുവദനീയമല്ല.

3. മസ്റ്റർ റോൾ ആറാം ദിവസം ക്ലോസ് ചെയ്ത് തൊട്ടടുത്ത പ്രവൃത്തി ദിവസം പഞ്ചായത്തിലെ ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ അടുത്ത് എത്തിക്കേണ്ട ചുമതല മേയ്റ്റിന്റേതാണ്.

എന്നാൽ ഈ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി താഴെ സൂചിപ്പിക്കുന്ന പ്രവൃത്തിയിൽ മസ്റ്റർറോളുകളിൽ ഒപ്പ്/വിരലടയാളം രേഖപ്പെടുത്താതെ വിദഗ്ധത്തൊഴിലാളികളുടെ വേതനം അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തി | മസ്റ്റർറോൾ നമ്പർ/ തീയ്യതി | അളവുപുസ്തകം | വേതനം കൈപ്പറ്റിയ ആളുകളുടെ പേര് | കൈപ്പറ്റിയ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| 1 | കള്ളിപ്പെണ്ണ് റോഡ് നിർമാണം | 5679/22-23 /16/11/22 | 192/22-23 /MGNREGS | രാഹുൽ.<br>ദേവിക<br>സീതൽ<br>ദിലീപ്(സെമി സ്കിൽഡ്) | 7070/-<br>7070/-<br>7070/-<br>4400/- | ആകെ 25610/ വേജ് ലിസ്റ്റ് 26/11/22 |
